GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

K19P 0180

Reg. No.: ..............................

Name : ..................................

# IV Semester M.A. Degree (Regular) Examination, April 2019
## (2017 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 4C 16 : ഇതരഭാഷാസാഹിത്യം (Other Literature)

Time : 3 Hours Max. Marks : 80

I. ഈരണ്ടു പേജിൽ കവിയാതെ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1) കേവലമായ രസത്തിനപ്പുറം മനുഷ്യനെ ചിന്തിപ്പിക്കാൻ കഴിവുള്ളവയാണ് കഥകൾ. വിശദമാക്കുക.

2) അധികാരത്തിന്റെ സമ്പൽ സമൃദ്ധിയോടുള്ള പ്രതിഷേധം മോപ്പസാങ്ങിന്റെ കഥകളുടെ പശ്ചാത്തലമായതെങ്ങിനെ ?

3) സഹശയനത്തിന്റെ ഇതിവൃത്തം ചുരുക്കി വിവരിക്കുക.

4) 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' ചരിത്രപ്രാധാന്യമുള്ള നോവലായ് മാറുന്നതെങ്ങിനെ ?

5) മരണം തന്റെ വിട്ടുമാറാത്ത സാന്നിദ്ധ്യമറിയിക്കുന്നുണ്ട്, ആരോഗ്യ നികേതനത്തിൽ ശരിയോ ? (5×4=20)

II. നന്നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) സിംബലിസം എന്തെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

ലോകസാഹിത്യത്തിലെ ആധുനികതയെ മലയാളത്തിലേക്ക് ആവാഹിക്കുകയാണ് തരിശുനിലത്തിന്റെ വിവർത്തനത്തിലൂടെ അയ്യപ്പപ്പണിക്കർ ചെയ്തത്. സമർത്ഥിക്കുക.

7) സിൽവിയ പ്ലാത്തിന്റെ കവിതകളിലെ ആത്മനിഷ്ഠയെക്കുറിച്ച് കുറിപ്പെഴുതുക.

**അല്ലെങ്കിൽ**

'ആ രമ്യാധരോഷ്ഠങ്ങൾ, വിരിയുന്നതാം
പനിനീർത്താരിന്റെ വിജയത്തിൻ ഭേരികൾ മറയ്ക്കുന്നു' – സന്ദർഭവും, പ്രസക്തിയും വിശദമാക്കുക.

P.T.O.

8) നാടകചരിത്രത്തിലെ ഏറ്റവും സംഘർഷഭരിതവും വൈരുധ്യങ്ങളും നിറഞ്ഞ കഥാപാത്രമാണ് ഈഡിപ്പസ്. വിശദീകരിക്കുക.

**അല്ലെങ്കിൽ**

അസംബന്ധ നാടക സങ്കൽപ്പം എന്താണെന്ന് വെയ്റ്റിങ്ങ് ഫോർ ഗോദോയെ മുൻനിർത്തി വ്യക്തമാക്കുക.

9) ആധുനിക കവിതയെ മലയാളത്തിന് പരിചയപ്പെടുത്താൻ വിവർത്തനങ്ങൾ കാരണമായി. ശരിയോ ?

**അല്ലെങ്കിൽ**

'ലോലമായ ദന്തത്തിൽ പണി തീർത്ത
ഉന്മത്തമായ ഉരുളക്കിഴങ്ങുകൾ
അലകളോടലകളായി കടലിലേയ്ക്കുരുണ്ടു
പോകുന്ന തക്കാളിപ്പഴങ്ങൾ' – കവിതയും, സന്ദർഭവും ഏത് ?

10) 'ജലം കൊണ്ട് മുറിവേറ്റവൻ' എന്ന കവിതയിൽ വിനയചന്ദ്രൻ ലോർക്കയുമായി സമരസപ്പെടുന്നതെങ്ങിനെ ?

**അല്ലെങ്കിൽ**

യാതനകളിൽ ദരിദ്രന്റെ ജീവിതവും, സ്വപ്നവും
കത്തിയെരികയായിരുന്നപ്പോൾ
എന്ത് ചെയ്യുകയായിരുന്നു നിങ്ങൾ ? – വരികളുടെ പ്രസക്തിയെന്ത് ?

**(5×6=30)**

III. **ഓരോന്നും, ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11) ദശരൂപകങ്ങൾ പഴയ സംസ്കൃതനാടകങ്ങളെ ഉദാഹരിച്ച് വിശദീകരിക്കുക.

**അല്ലെങ്കിൽ**

കഥയുടെ പ്രാഗ്‌രൂപങ്ങൾ ലോകസാഹിത്യത്തിൽ എവിടെയെല്ലാം അടയാളപ്പെട്ടു കിടക്കുന്നു എന്ന് വിശദീകരിക്കുക.

12) ലോകസാഹിത്യം എന്ന പരികല്പനയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

'ആരോഗ്യനികേതനം' എന്ന നോവലിന് ഇന്ത്യൻ നോവൽ ചരിത്രത്തിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.

13) കാല്പനിക കവിതയുടെ സ്വഭാവങ്ങൾ ഉദാഹരണ സഹിതം വിശദീകരിക്കുക.

**അല്ലെങ്കിൽ**

കീഴാള സംസ്ക്കാരം കവിതയിൽ പ്രത്യക്ഷപ്പെടുന്നതെങ്ങിനെയെന്ന് വിശദമാക്കുക.

**(3×10=30)**

---